# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1589 04.10.2016 ൽ മറുപടിക്ക്.

## എല്ലാ വൻകിട -ചെറുകിട വ്യാപാരികളെയും നികുതി ശൃംഖലയിൽ കൊണ്ടുവരുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | എല്ലാ വൻകിട, ചെറുകിട വ്യാപാരികളെയും നികുതി ശൃംഖലയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ; | എ) | കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് പത്ത് ലക്ഷമോ അതിലധികമോ വിറ്റുവരവ് വരുന്ന വ്യാപാരികൾ രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരാണ്. ചില പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യാപാരികൾ വിറ്റുവരവുപരിധി കണക്കാക്കാതെ തന്നെ രജിസ്ട്രേഷൻ എടുക്കേണ്ടവരാണ്.<br>വാറ്റ് രജിസ്ട്രേഷൻ എടുക്കുവാൻ ബാധ്യതയുള്ളവർ സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനായി പുതിയതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം എന്ന പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. 01/04/2013 മുതൽ 31/08/2014 വരെ ആയിരുന്നു പദ്ധതിയുടെ കാലാവധി. കൂടാതെ വ്യാപാരികളെ നികുതി ശൃംഖലയിൽ കൊണ്ടുവരുന്നതിനായി വകുപ്പ് സ്ട്രീറ്റ് |

| | | | |
|---|---|---|---|
| | | | സർവ്വേകൾ നടത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| ബി) | ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പലതും കൃത്യമായ ബിൽ നൽകാതിരിക്കുന്നതു മൂലമുള്ള നികുതി ചോർച്ച തടയുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇത്തരം വ്യാപാര സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള പരിശോധനകൾ ഊർജ്ജിതമാക്കുമോ; | ബി) | കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷൻ എടുത്തതോ / എടുക്കാൻ ബാദ്ധ്യസ്ഥനോ ആയ ഏതൊരു വ്യാപാരിയും നൂറ് രൂപയിൽ കുറയാതെയുള്ള നികുതി വിധേയമായ ചരക്ക് വിൽക്കുമ്പോൾ അത്തരം ഇടപാടുകൾക്ക് ബില്ല് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്<br><br>വ്യാപാരികൾ ബില്ല് നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പ് ടെസ്റ്റ് പർച്ചേസ് നടത്താറുണ്ട്. ഇത്തരം പർച്ചേസിൽ ബില്ല് നൽകുന്നില്ലെന്നുകണ്ടാൽ 70 A വകുപ്പ പ്രകാരം പെനാൽറ്റി നടപടികൾ സ്വീകരിക്കാറുണ്ട്. പെനാൽറ്റി തുകയുടെ 50 ശതമാനം അടച്ചുകൊണ്ട് വ്യാപാരികൾക്ക് spot കോമ്പൗണ്ട് ചെയ്യാനുള്ള ഓപ്ഷനും വ്യവസ്ഥ ചെയ്തിട്ടുണ്ട് .<br>ഉപഭോക്താക്കൾ ബില്ലുകൾ ചോദിച്ചുവാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സോഷ്യൽ മീഡിയ വഴി ബില്ലുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ചെറുകിട വ്യാപാര സ്ഥാപനങ്ങൾ മിക്കവരും അനുമാന നികുതി അടയ്ക്കുന്നവരാണ് . |

| | | | |
|---|---|---|---|
| | | | എന്നാൽ 60 ലക്ഷം രൂപയിലധികം വിറ്റുവരവ് ഉണ്ടായിട്ടും ടിൻ നമ്പർ എടുക്കാതെ അനുമാന നികുതി മാത്രം നൽകി കച്ചവടം ചെയ്യുന്നവർക്കെതിരെ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇല്ലാതെ ഷെഡ്യൂൾ റേറ്റിൽ നികുതിയും അതിന്റെ 3 മടങ്ങ് പെനാൽറ്റിയുമാണ് ഇവർ നിയമപ്രകാരം അടക്കേണ്ടത്. ഇത് ദുർവ്വഹമായ ഭാരമാണെന്ന് വ്യാപാരി സംഘടനകൾ ചൂണ്ടിക്കാണിച്ചതിന്റെ പശ്ചാത്തലത്തിൽ ഇവർക്കായി ഒരു ആംനെസ്റ്റി പദ്ധതി ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>ഈ പദ്ധതി സ്വീകരിക്കുന്ന വ്യാപാരികൾ 01/04/2016 മുതൽ പ്രാബല്യം വരത്തക്കവിധം ടിൻ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. കണക്കിൽപ്പെടാത്ത വാങ്ങലുകൾ നികുതി നിർണ്ണയാധികാരി കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ വ്യാപാരികൾക്ക് അത് സ്വമേധയാ അറിയിച്ചുകൊണ്ട് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷനെടുത്തിട്ടില്ലാത്ത വ്യാപാരികൾക്കും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതിക്കായി ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി 2016 നവംബർ 30 ആണ്. |
| സി) | വ്യാപാര സ്ഥാപനങ്ങളെ ഓൺലൈൻ ബില്ലിംഗ് | സി) | ഉണ്ട്. 5 കോടി രൂപയ്ക്ക് മേൽ വിറ്റുവരവുള്ള വ്യാപാരികളുടെ ബിൽ / ഇൻവോയ്സ് എന്നിവ |

| | | | |
|---|---|---|---|
| | സമ്പ്രദായത്തിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കുമോ? | | അവർ ബിൽ ചെയ്യുന്ന സമയത്തുതന്നെ അപ് ലോഡ് ചെയ്യുന്നതിന് വേണ്ടിയുള്ള കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന് വേണ്ട വ്യവസ്ഥ കേരള ധനകാര്യ ബിൽ 2016 മുഖേന കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ കാര്യശേഷിയുള്ള സെർവ്വർ സ്ഥാപിച്ചു കഴിഞ്ഞാലുടൻ 5 കോടി രൂപയ്ക്കുമേൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് ഓൺലൈൻ ബില്ലിംഗ് സമ്പ്രദായം നടപ്പിൽ വരുന്നതാണ്. ഇത്തരം ഇൻവോയ്സുകൾ ഉപഭോക്താവ് സമർപ്പിക്കുന്ന ഇൻവോയ്സിന്റെ പകർപ്പുമായി ഒത്തുനോക്കി പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**